"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – **VB-G RAM(G)** പദ്ധതി – അനുവദനീയമായ പ്രവൃത്തികളുടെ നിർവഹണം **(Implementation of Permissible Works)** സംബന്ധിച്ച പരിശീലന പരിപാടി – ഉദ്യോഗസ്ഥർ പങ്കെടുത്തതിനും യാത്രയ്ക്കും ചെലവുകൾ വഹിക്കുന്നതിനും **Ex-post facto** അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.**2273/2026/LSGD** തീയതി,തിരുവനന്തപുരം, **26-11-2026**

പരാമർശം:- 1. **VB-G RAM(G)** മിഷൻ ഡയറക്ടറുടെ **07.09.2026** ലെ **G-RAMG/94/2026-D2** നമ്പർ കത്ത്

2. **VB-G RAM(G)** മിഷൻ ഡയറക്ടറുടെ **04.11.2026** ലെ **G-RAMG/94/2026-D2** നമ്പർ കത്ത്

ഉത്തരവ്

വിക്സിത് ഭാരത് – ഗ്യാരണ്ടി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി, കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ഹൈദരാബാദ് **NIRDPR** ന്റെ സഹകരണത്തോടെ **2026** സെപ്റ്റംബർ **10,11** തീയതികളിൽ ***"ToT on Implementation of Permissible Works"*** എന്ന വിഷയത്തിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനായി **(1)** ശ്രീമതി സീന ജെറോം, സ്റ്റേറ്റ് എഞ്ചിനീയർ **(2)**ശ്രീ. സയ്യിദ് നിസാം, അക്രഡിറ്റഡ് എഞ്ചിനീയർ, തിരൂരങ്ങാടി ബ്ലോക്ക്, മലപ്പുറം എന്നീ ഉദ്യോഗസ്ഥരെ മിഷൻ ഡയറക്ടർ നാമനിർദ്ദേശം ചെയ്തിരുന്നു. പ്രസ്തുത ഉദ്യോഗസ്ഥർ പരിശീലന പരിപാടിയിൽ പങ്കെടുത്തിട്ടുള്ളതായും ആയതിനായി ഹൈദരാബാദിലേക്ക് യാത്ര നടത്തിയിട്ടുള്ളതായും മിഷൻ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2026 സെപ്റ്റംബർ 10, 11 തീയതികളിൽ ഹൈദരാബാദിലെ NIRDPR-ൽ *"ToT on Implementation of Permissible Works"* എന്ന വിഷയത്തിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ (1)ശ്രീമതി സീന ജെറോം, സ്റ്റേറ്റ് എഞ്ചിനീയർ, (2) ശ്രീ. സയ്യിദ് നിസാം, അക്രഡിറ്റഡ് എഞ്ചിനീയർ, തിരൂരങ്ങാടി ബ്ലോക്ക്, മലപ്പുറം എന്നിവർ പങ്കെടുക്കുത്തതിനും, അതിനായി ഹൈദരാബാദിലേക്ക് യോഗ്യമായ യാത്രാമാർഗ്ഗം മുഖേന നടത്തിയ യാത്രയ്ക്കും **Ex-post facto** അനുമതി നൽകിക്കൊണ്ടും, പ്രസ്തുത യാത്രയുമായി ബന്ധപ്പെട്ട് ടി.ഉദ്യോഗസ്ഥർക്ക് ചട്ടപ്രകാരം അർഹമായ യാത്രാബത്ത, ദിനബത്ത (TA/DA), മറ്റ് അനുവദനീയമായ യാത്രാച്ചെലവുകൾ എന്നിവ VB-G RAM(G) പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റീവ് ചെലവിൽ നിന്നും വഹിക്കുന്നതിനും, നിലവിലുള്ള ചട്ടങ്ങൾ പ്രകാരമുള്ള അർഹതയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കും വിധേയമായി അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മധുസൂദനൻ വി
അണ്ടർ സെക്രട്ടറി

മിഷൻ ഡയറക്ടർ, VB-G RAM(G), തിരുവനന്തപുരം.
ശ്രീമതി സീന ജെറോം, സ്റ്റേറ്റ് എഞ്ചിനീയർ.(മിഷൻ ഡയറക്ടർ മുഖേന).
ശ്രീ. സയ്യിദ് നിസാം, അക്രഡിറ്റഡ് എഞ്ചിനീയർ, തിരൂരങ്ങാടി ബ്ലോക്ക്, മലപ്പുറം (മിഷൻ ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Digitally signed by Preetha P R
Date: 26-11-2026 15:36:11

സെക്ഷൻ ഓഫീസർ